പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1857 08.06.2018-ലെ മറുപടിക്ക്

## ഇ-ബസ്സുകൾ

ചോദ്യം

ശ്രീ. കെ.മുരളീധരൻ

" റോജി എം. ജോൺ

" അൻവർ സാദത്ത്

" അനിൽ അക്കര

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഡീസൽ വില ദിനം പ്രതി കൂടുന്ന സാഹചര്യത്തിൽ ഇ-ബസ്സുകൾ നിരത്തിലിറക്കുന്ന കാര്യം കെ.എസ്.ആർ.ടി.സി. യുടെ പരിഗണനയിലുണ്ടോ ;വിശദമാക്കുമോ; | (എ) | പരിഗണനയിൽ ഉണ്ട്. ഇത്തരം ബസ്സുകൾ കേരളത്തിലെ റോഡുകളിൽ ഓടിച്ച് പ്രവർത്തന നിലവാരം പരിശോധിക്കപ്പെട്ടിട്ടില്ലാത്തതിനാൽ പരീക്ഷണാടിസ്ഥാനത്തിൽ ബസ് ഓടിച്ചുനോക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ബസ്സുകൾ വിലയ്ക്ക് വാങ്ങുവാനുള്ള സാമ്പത്തിക ശേഷി കോർപ്പറേഷനില്ലാത്തതിനാൽ ഇ-ബസ്സുകൾ വാടകയ്ക്ക് എടുത്ത് ഓടിക്കാമെന്ന കാര്യം കെ.എസ്.ആർ.ടി.സി. പരിഗണിക്കുന്നുണ്ടോ; എങ്കിൽ ഏത് കമ്പനിയുമായാണ് ചർച്ച നടത്തിയതെന്നും അവർ മുന്നോട്ട് വച്ചിട്ടുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ; | (ബി) | സജീവമായി പരിഗണിച്ചു വരുന്നു. ഇതുമായി ബന്ധപ്പെട്ട് പദ്ധതി നടപ്പാക്കിയ അന്യ സംസ്ഥാനങ്ങളിലെ മാതൃക പഠിച്ച്, വിവിധ കമ്പനികളുമായി പ്രാഥമിക ചർച്ചകൾ നടന്നു വരുന്നു. |
| (സി) | ഇ-ബസ്സിന് ആവശ്യമായി വരുന്ന വൈദ്യുതിക്ക് കേന്ദ്ര സർക്കാരിൽ നിന്നും സബ്സിഡി ലഭിക്കുവാൻ സാധ്യതയുണ്ടോ;വിശദമാക്കുമോ ; | (സി) | പരിക്ഷണാടിസ്ഥാനത്തിലുള്ള സർവ്വീസ് വിജയകരമാവുകയാണെങ്കിൽ ഇക്കാര്യം പരിശോധിക്കുന്നതാണ് |
| (ഡി) | ഇ-ബസ്സുകൾ എന്നത്തേക്ക് നിരത്തിലിറക്കുവാൻ കഴിയുമെന്നാണ് കരുതുന്നത്;വിശദാംശം വെളിപ്പെടുത്തുമോ ? | (ഡി) | പരീക്ഷണാടിസ്ഥാനത്തിൽ ഇത്തരം ബസ്സ് ജൂൺ മാസത്തിൽ തന്നെ ട്രയൽ റൺ നടത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു. തുടർ നടപടികൾ നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ